# സംസ്ഥാന വാർത്തകൾ

## ഗ്രാമീണ ടെലിഫോൺ സാന്ദ്രതയിൽ ഒന്നാമത് കേരളം

രാജ്യത്ത് ഗ്രാമീണ മേഖലയിൽ ടെലിഫോൺ സാന്ദ്രത ഏറ്റവും കൂടുതൽ കേരളത്തിലെന്ന് കണക്കുകൾ. സംസ്ഥാനത്തെ ഗ്രാമീണ ടെലിഫോൺ സാന്ദ്രത 222.86 ശതമാനമാണ്. ദേശീയ ശരാശരി 57.71 ശതമാനമാണെന്നും ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ (ട്രായ്) റിപ്പോർട്ട് പറയുന്നു. 219.63 ശതമാനമുള്ള ഗോവ രണ്ടാം സ്ഥാനത്തും 157.40 ശതമാനമുള്ള സിക്കിം മൂന്നാം സ്ഥാനത്തുമാണ്. കേരളത്തിന്റെ മൊത്തം ടെലിഫോൺ സാന്ദ്രതയും ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ദേശീയ ശരാശരി 84.51 ശതമാനമാണെങ്കിൽ സംസ്ഥാനത്ത് 122.16 ശതമാനമാണെന്നും റിപ്പോർട്ട് പറയുന്നു. കേരളത്തിലെ മൊത്തം സബ്സ്ക്രിപ്ഷൻ 4.36 കോടിയാണ്. ഗ്രാമപ്രദേശങ്ങളിൽ 1.95 കോടിയും നഗരപ്രദേശങ്ങളിൽ 2.41 കോടിയും. ടെലിഫോൺ സാന്ദ്രത അല്ലെങ്കിൽ ടെലി-ഡെൻസിറ്റി എന്നത് ഒരു പ്രദേശത്ത് താമസിക്കുന്ന ഓരോ നൂറു വ്യക്തികൾക്കും ഉള്ള ടെലിഫോൺ കണക്ഷനുകളുടെ എണ്ണമാണ്.

**(ദേ.,07/09)**

## കെ.എസ്.ഇ.ബി. പെൻഷൻ ഇനി ജനം ചുമക്കേണ്ട, യൂണിറ്റിന് 17 പൈസ കുറയ്ക്കാൻ ഹൈക്കോടതി ഇടപെടൽ

വൈദ്യുതി നിരക്കിൽ കെ.എസ്.ഇ.ബി.യുടെ പെൻഷൻ ബാദ്ധ്യതയും ഉൾപ്പെടുത്തി ജനങ്ങളെ പിഴിയുന്നതിന് ഹൈക്കോടതിയുടെ വിലക്ക്. യൂണിറ്റിന് 17 പൈസയുടെ ആശ്വാസമാണ് ഇതുവഴിയുണ്ടാവുക. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ കൺസ്യൂമേഴ്സ് അസോസിയേഷൻ നൽകിയ ഹർജിയിലാണ് സുപ്രധാന വിധി. 2013 നവംബർ ഒന്നിന് കെ.എസ്.ഇ.ബി. കമ്പനിയാക്കിയപ്പോൾ നിലവിലുണ്ടായിരുന്നവർക്ക് പെൻഷനുൾപ്പെടെ നൽകാൻ മാസ്റ്റർട്രസ്റ്റ് രൂപീകരിച്ചിരുന്നു. ഇതിലേക്ക് നൽകുന്ന തുക ഉത്പാദനച്ചെലവിൽ ഉൾപ്പെടുത്തി നിരക്ക് നിർണയിക്കാമെന്ന 2022 ലെ താരിഫ് റെഗുലേഷനിലെ 34 (4) വ്യവസ്ഥയാണ് റദ്ദാക്കിയത്. ജസ്റ്റിസ് മുരളി പുരുഷോത്തമന്റേതാണ് വിധി. അന്ന് റെഗുലേറ്ററി കമ്മിഷൻ ചെയർമാനായിരുന്ന പ്രേമൻ ദിനരാജാണ് പെൻഷൻ ബാദ്ധ്യത ഉപഭോക്താക്കളുടെമേൽ അടിച്ചേൽപ്പിച്ചത്. കേരള പവർ ഫിനാൻസ് കോർപറേഷൻ ചെയർമാനാണ് ഇപ്പോൾ പ്രേമൻ ദിനരാജ്. പെൻഷൻ ബാദ്ധ്യതയായ 17 പൈസയുൾപ്പെടെ യൂണിറ്റിന് 40 പൈസയാണ് കൂട്ടിയത്. പെൻഷൻ ബാദ്ധ്യത 2037 വരെ നിരക്ക് വർദ്ധനയിൽ ഉൾപ്പെടുത്താനും തീരുമാനിച്ചു. ഇതാണ് ഒഴിവായത്. മാസ്റ്റർട്രസ്റ്റിലേക്ക് നൽകുന്ന തുകയും അതിന്റെ പലിശയും ഉത്പാദനച്ചെലവിൽ ഉൾപ്പെടുത്തി നിരക്ക് നിശ്ചയിച്ചത് ഉപഭോക്താക്കളെ കേൾക്കാതെയാണ്. ഇത് നിയമപരമല്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. 2003 ലെ വൈദ്യുതിനിയമം, വൈദ്യുതിചട്ടം എന്നിവ പാലിക്കാതെയാണ് വ്യവസ്ഥ അന്തിമ റെഗുലേഷനിൽ ഉൾപ്പെടുത്തിയത്. കരടിൽ ഇല്ലാത്ത വ്യവസ്ഥ ഉൾപ്പെടുത്തുമ്പോൾ റെഗുലേറ്ററി കമ്മിഷൻ നടപടിക്രമങ്ങൾ പാലിക്കണമെന്നും നിർദ്ദേശിച്ചു. വോൾട്ടേജ് അടിസ്ഥാനത്തിലുള്ള വിതരണച്ചെലവ് കണക്കാക്കി താരിഫ് നിശ്ചയിക്കണമെന്ന ഹർജിക്കാരുടെ ആവശ്യത്തിൽ ഹൈക്കോടതി ഇടപെട്ടില്ല. നിലവിലെ താരിഫിന്റെ കാലാവധി ജൂൺ 30 ന് അവസാനിച്ചിരുന്നു. ജൂലായ് ഒന്നിന് പുതിയ താരിഫ് പ്രഖ്യാപിപ്പിക്കാനിരിക്കെ ഹൈക്കോടതി സ്റ്റേ വന്നു. അതോടെ നിലവിലെ താരിഫ് സെപ്തംബർ 30 വരെ നീട്ടി. വൈദ്യുതി ബോർഡിന് നടപ്പ് വർഷം 2939 കോടിയുടെ നഷ്ടമുണ്ടാകുമെന്ന അനുമാനത്തിൽ 25 പൈസ മുതൽ 80 പൈസ വരെ കൂട്ടാനായിരുന്നു നീക്കം. കോടതി വിധിയുണ്ടായ സാഹചര്യത്തിൽ ഇതിൽ 17 പൈസ കുറച്ചേ താരിഫ് പ്രഖ്യാപനം നടത്താനാകൂ. കോടതിവിധി വന്നതോടെ പെൻഷൻ ബാദ്ധ്യത വീണ്ടും സർക്കാരിനായി. 12419 കോടി രൂപയാണ് മൊത്തം ബാദ്ധ്യത. ഇതു നൽകാൻ സർക്കാർ 2017 ൽ 8144 കോടി രൂപയുടെ ബോണ്ട് 20 വർഷത്തേക്കും 3751 കോടിയുടെ ബോണ്ട് 10 വർഷത്തേക്കുമുണ്ടാക്കി. ഇത് തുല്യഗഡുക്കളായി നൽകാൻ വൈദ്യുതി ബില്ലിൽ 10 ശതമാനം ഡ്യൂട്ടി ഏർപ്പെടുത്തി. പ്രതിവർഷം 1200 കോടിയോളം വരുന്ന ഡ്യൂട്ടി തുക 2023 നവംബർ വരെ കെ.എസ്.ഇ.ബി. എടുക്കും. ശേഷം സർക്കാരിന് എന്നായിരുന്നു വ്യവസ്ഥ. എന്നാൽ 8144 കോടി രൂപയുടെ ബാദ്ധ്യത 2022 ലെ താരിഫ് പരിഷ്കരണത്തിൽ സർക്കാരിൽ നിന്ന് മാറ്റി ഉപഭോക്താക്കളുടെ ചുമലിൽ കമ്മിഷൻ വച്ചുകെട്ടുകയായിരുന്നു.

**(കേ.കൗ., 08/09)**